ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 11.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് സാമൂഹിക സുരക്ഷ പരിരക്ഷയിൽ ഗണ്യമായ വർധനയെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന റിപ്പോർട്ട്. ക്ഷേമാധിഷ്ഠിത വികസനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **ILO Report Shows Significant Rise in Social Security Coverage in India; PM Modi Reaffirms Commitment to Welfare-Oriented Development.**

2. രാജ്യത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി ആറായിരത്തി 405 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

   **Union Cabinet Approves ₹6,405 Crore Worth of Projects for Railway Development in India.**

3. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇന്ത്യ 6.3 ശതമാനം വളർച്ച കൈവരിക്കുമെന്ന് ലോക ബാങ്ക്.

   **India to Achieve 6.3% Growth in Current Fiscal Year, Says World Bank Report.**

4. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൻറെ പട്ടിക ഒന്നിൽപ്പെട്ട വന്യമൃഗങ്ങളെ കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് പരിമിതമായ അധികാരങ്ങളാണുള്ളതെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം.

**Environment Ministry Clarifies that Chief Wildlife Wardens Have Limited Powers to Cull Schedule I Animals.**

5. **കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട ചരക്കുകപ്പലിലെ തീ ഭാഗികമായി നിയന്ത്രണവിധേയം. കൊച്ചി തീരത്തിന് സമീപം ലൈബീരിയൻ ചരക്ക് കപ്പൽ മുങ്ങിയ സംഭവത്തിൽ പോലീസ് കേസെടുത്തു.**

**Fire on Cargo Ship Near Kozhikode Coast Partially Contained; Case Filed in Liberian Vessel Sinking Off Kochi.**

6. **ഐ സി സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ, ഓസ്ട്രേലിയ ദക്ഷിണാഫ്രിക്ക പോരാട്ടം പുരോഗമിക്കുന്നു.**

**Australia vs South Africa Clash Underway in ICC World Test Championship Final.**

&&&&&&&&&&&&&&&&&&

## PM – VAISHNAW ARTICLE

കഴിഞ്ഞ പതിനൊന്ന് വർഷത്തിൽ രാജ്യത്തുണ്ടായ സമഗ്ര വളർച്ച വിവിധ മേഖലകളിൽ പ്രതിഫലിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ വളർച്ചയുടെ യാത്ര ഉൾപ്പെടുത്തി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് എഴുതിയ ലേഖനം സമൂഹ മാധ്യമത്തിൽ പങ്കു വയ്ക്കുകയായിരുന്നു പ്രധാനമന്ത്രി.

&&&&&&&&&&&&&&&&&&

## CABINET – DECISION (INTRO)

ആറായിരത്തി 405 കോടി രൂപയുടെ റെയിൽവേ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ഝാർഖണ്ഡ്, കർണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ ഏഴ് ജില്ലകളെ ഉൾപ്പെടുത്തി നിലവിലുള്ള റെയിൽവേ ശൃംഖല 318 കിലോമീറ്റർ ദീർഘിപ്പിക്കുന്ന രണ്ട് മൾട്ടിട്രാക്കിംഗ് പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. പദ്ധതികൾ യാഥാർഥ്യമാകുന്നതോടെ മെച്ചപ്പെട്ട യാത്രാ സൗകര്യം, കുറഞ്ഞ ചെലവിൽ ചരക്ക് കൈമാറ്റം, കുറഞ്ഞ കാർബൺ ബഹിർഗമനം എന്നിവ ഉറപ്പാക്കാനാകുമെന്ന് മന്ത്രിസഭാ യോഗതീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പദ്ധതികളുടെ നിർമ്മാണ കാലയളവിൽ ഏകദേശം 108 ലക്ഷം നേരിട്ടുള്ള തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ്....)

&&&&&&&&&&&&&&&&&

## WORLD BANK- INDIA GROWTH

നടപ്പ് സാമ്പത്തിക വർഷത്തിൽ ഇന്ത്യ 6.3 ശതമാനം വളർച്ച കൈവരിക്കുമെന്ന് ലോക ബാങ്ക്. ലോകത്ത് അതിവേഗം വളരുന്ന സാമ്പത്തിക ശക്തിയായിരിക്കും ഇന്ത്യയെന്നും ലോക ബാങ്കിൻറെ ഗ്ലോബൽ ഇക്കണോമിക് പ്രോസ്പക്റ്റ്സ് റിപ്പോർട്ട് വ്യക്തമാക്കുന്നു. വർദ്ധിച്ചുവരുന്ന വ്യാപാര സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ, 2008 ന് ശേഷമുള്ള

ഏറ്റവും മന്ദഗതിയിലുള്ള വേഗതയിലായിരിക്കും ആഗോള വളർച്ചയെന്ന് റിപ്പോർട്ട് പറയുന്നു.

&&&&&&&&&&&&&&&&&

**RBI-VRR**

പ്രതിദിന വേരിയബിൾ റേറ്റ് റിപ്പോ ലേലം നിർത്തലാക്കി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ബാങ്കിങ് സംവിധാനങ്ങളിലെ പണലഭ്യതയിലുണ്ടായ വർദ്ധനയെ തുടർന്നാണ് തീരുമാനം. നികുതി സംബന്ധമായ പണമൊഴുക്കും വിദേശനാണ്യ ഇടപെടലുകളും മൂലമുണ്ടായ ഹ്രസ്വകാല പണലഭ്യത പരിമിതി ലഘൂകരിക്കുന്നതിനായി 2025 ജനുവരി 16 നാണ് ദിവസേനയുള്ള ലേലങ്ങൾ ആരംഭിച്ചത്.

&&&&&&&&&&&&&&&&&

**JITENDRA-REDRESSAL**

ഫാമിലി പെൻഷൻകാരുടെയും മുതിർന്ന പൗരന്മാരായ പെൻഷൻകാരുടെയും പരാതികൾ പരിഹരിക്കുന്നതിനായി ഒരു മാസം നീണ്ടുനിൽക്കുന്ന പ്രത്യേക ക്യാമ്പയിന് അടുത്തമാസം തുടക്കം കുറയ്ക്കുമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. കേന്ദ്ര പെൻഷൻ വകുപ്പും, പെൻഷൻകാരുടെ ക്ഷേമ വകുപ്പും സംയുക്തമായാണ് പരാതി പരിഹാര യജ്ഞം സംഘടിപ്പിക്കുന്നത്. ഇതുവരെ രണ്ടായിരത്തി 210

പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾക്ക് കാര്യക്ഷമമായ പരിഹാരം നൽകുക എന്നതാണ് കാമ്പെയ്നിന്റെ പ്രധാന ലക്ഷ്യമെന്ന് കേന്ദ്ര പെൻഷൻ സെക്രട്ടറി പറഞ്ഞു.

&&&&&&&&&&&&&&&&&&

## JAISHANKAR BRUSSELS

ജനാധിപത്യം, ബഹുസ്വരത എന്നീ മൂല്യങ്ങളിൽ അടിസ്ഥാനമാക്കി ഇന്ത്യ-യുറോപ്യൻയൂണിയൻ പാർലമെൻററി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യൂറോപ്യൻ പാർലമെൻറ് പ്രസിഡൻറ് റോബാർട്ടാ മെറ്റ്സൂലയുമായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ ചർച്ച നടത്തി. വ്യാപാരം, സാങ്കേതിക വിദ്യ, സുരക്ഷ എന്നിവയിൽ ഇന്ത്യ- യൂറോപ്യൻ യൂണിയൻ സഹകരണം ശക്തിപ്പെടുത്തുന്നതിൽ യൂറോപ്യൻ പാർലമെൻറ് പ്രസിഡൻറിൻറെ കാഴ്ചപ്പാടുകളെ ശ്രീ ജയശങ്കർ അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## VEENAGEORGE–COVID

രാജ്യത്തെ കോവിഡ് രോഗികളുടെ എണ്ണം 7,121 ആയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. കേരളത്തിൽ 2,223 പേരാണ് ചികിത്സയിലുള്ളത്. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ് വകഭേദങ്ങൾക്ക് തീവ്രത കുറവാണെങ്കിലും രോഗ

വ്യാപന ശേഷി കൂടുതലാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. പൊതു ഇടങ്ങളിലും യാത്രകളിലും മാസ്ക് ധരിക്കണമെന്നും ആരോഗ്യമന്ത്രി നിർദേശിച്ചു.

&&&&&&&&&&&&&&&&&

## VIKASIT KRISHI SANKALP

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാൻ കേരളത്തിലെ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ നാദാപുരം, തൂണേരി പുറമേരി എന്നിവിടങ്ങളിൽ ഇന്ന് ബോധവത്കരണ പരിപാടികൾ നടന്നു.

&&&&&&&&&&&&&&&&&

## WILD ANIMAL

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൻറെ പട്ടിക ഒന്നിൽപ്പെട്ട വന്യമൃഗങ്ങളെ കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് വളരെ പരിമിതമായ അധികാരങ്ങളേ ഉള്ളൂ എന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം. വന്യമൃഗങ്ങളെ പിടികൂടാനോ, മയക്കുവെടി വെയ്ക്കാനോ സാധിക്കാത്ത ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ മാത്രമാണ്, ഇവയെ കൊല്ലാനുള്ള ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുള്ളത്. കേന്ദ്ര വന്യജീവി സംരക്ഷണ നിയമം കാലാനുസൃതമായി ഭേദഗതി

ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള കേരളത്തിന്റെ കത്തിനുള്ള മറുപടിയിലാണ് കേന്ദ്രം ഇക്കാര്യം അറിയിച്ചത്.

&&&&&&&&&&&&&&&&&

## STATE CABINET

കേരളത്തിൽ, സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ, ആവശ്യമെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്ലസ് വണ്ണിൽ 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കാൻ തീരുമാനിച്ച് സംസ്ഥാന മന്ത്രിസഭാ യോഗം. ഉത്തർപ്രദേശിൽ 44-ാമത് ജൂനിയർ ഗേൾസ് ദേശീയ ഹാൻഡ്ബാൾ ചാമ്പ്യൻഷിപ്പിനിടെ പരിക്കേറ്റ പ്രജിലയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ചെലവ് നൽകാനും തീരുമാനമായി.

&&&&&&&&&&&&&&&&&

## NILAMBUR ELECTION

ഉപതിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കേ നിലമ്പൂരിൽ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. വോട്ടെടുപ്പ് നടപടികളിൽ സുതാര്യത ഉറപ്പാക്കുമെന്ന് ജില്ലാ കളക്ടർ വി.ആർ. വിനോദ് പറഞ്ഞു. പുതുതായി 59 പോളിംഗ് സ്റ്റേഷനുകൾ കൂടി ക്രമീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

&&&&&&&&&&&&&&&&&&

## SHIP – SEARCH ( INTRO )

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപെട്ട സിംഗപ്പൂർ ചരക്കുകപ്പലിലെ തീ ഭാഗികമായി നിയന്ത്രണവിധേയമാക്കി. കപ്പലിനെ ഉൾക്കടലിലേക്ക് കൂടുതൽ വലിച്ചു മാറ്റാനാണ് ശ്രമിക്കുന്നതെന്ന് കോസ്റ്റ്ഗാർഡ് അറിയിച്ചു. തീയണക്കുന്നതിനും, കാണാതായ 4 പേരെ കണ്ടെത്തുന്നതിനുമാണ് പ്രഥമ പരിഗണന നൽകുന്നതെന്ന് കേരളാ മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ് പിള്ള ആകാശവാണി വാർത്തകളോട് പറഞ്ഞു.
( വോയിസ്....)

&&&&&&&&&&&&&&&&&&

## COCHI SHIP CASE

കൊച്ചി തീരത്തിന് സമീപം ലൈബീരിയൻ ചരക്ക് കപ്പൽ മുങ്ങിയ സംഭവത്തിൽ ഫോർട്ട് കൊച്ചി കോസ്റ്റൽ പോലീസ് കേസെടുത്തു. കപ്പൽ കമ്പനിയെ ഒന്നാം പ്രതിയും ഷിപ്പ് മാസ്റ്ററിനെ രണ്ടാം പ്രതിയും കപ്പൽ ജീവനക്കാരെ മൂന്നാം പ്രതിയുമാക്കിയാണ് കേസെടുത്തത്.

&&&&&&&&&&&&&&&&&&

## RAIN–KERALA

കേരളത്തിൽ കാലവർഷം വീണ്ടും സജീവം. അടുത്ത ഒരാഴ്ച വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും കോട്ടയം മുതൽ വയനാട് വരെയുള്ള എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഈ മാസം 14 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&

## CRICKET

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന ഐ സി സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന്റെ ആദ്യ ദിനത്തിൽ, ഓസ്ട്രേലിയ ദക്ഷിണാഫ്രിക്ക പോരാട്ടം പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ടുകൾ ലഭിക്കുമ്പോൾ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഓസ്ട്രേലിയ 47 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 179 റൺ എന്ന നിലയിലാണ്. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

&&&&&&&&&&&&&&&&&

## QATAR EMBASSY – INDIANS KILLED

കെനിയയിൽ ബസ് അപകടത്തിൽ ഖത്തറിൽ നിന്നുള്ള അഞ്ച് ഇന്ത്യക്കാർ കൊല്ലപ്പെട്ട സംഭവത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരികയാണെന്ന് ദോഹയിലെ ഇന്ത്യൻ എംബസി അറിയിച്ചു. നെയ്റോബിയിലെ ഇന്ത്യൻ ഹൈക്കമ്മീഷന്റെ നേതൃത്വത്തിലാണ് മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നത്. ബസിലുണ്ടായിരുന്ന മറ്റ് 23 ഇന്ത്യക്കാരെയും നെയ്റോബിയിലെത്തിച്ച് ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&